# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 693** **11.03.2015- ൽ മറുപടി.**

## ഇ.എസ്.ഐ.മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

**ചോദ്യം**

ശ്രീ.ജി.എസ്.ജയലാൽ

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളിയിൽ ഇ.എസ്.ഐ മെഡിക്കൽ കോളേജിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഭൂമിയും കെട്ടിടവും ഏറ്റെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ;

(സി) ഇ.എസ്.ഐ കോർപ്പറേഷനിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ലഭ്യമാകുമായിരുന്ന ചികിത്സാ സൗജന്യവും അവരുടെ കുട്ടികളുടെ മെഡിക്കൽ വിദ്യാഭ്യാസ സംവരണവും നഷ്ടപ്പെടാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) പാരിപ്പള്ളിയിലെ ഇ.എസ്.ഐ സ്ഥാപനം ഏറ്റെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത സർക്കാർ കണക്കാക്കിയതിന്റെ വിശദാംശം അറിയിക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി) കൊല്ലം പാരിപ്പള്ളിയിലെ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി)& (ഡി) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ചും ജീവനക്കാരുടെയും അവരുടെ കുട്ടികളുടെയും നിലവിലുള്ള ചികിത്സ/പഠന ആനുകൂല്യങ്ങൾ നിലനിർത്തുന്നത് സംബന്ധിച്ചും ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ